Page 1 of 2

(ബി) ഇതിൽ എന്തു തുക തിരിച്ചു നൽകി; ഇനി എന്തുതുക നൽകുവാനുണ്ട്;

(സി) സഹകരണ ബാങ്കിന് സർക്കാർ കൊടുക്കുന്ന പലിശനിരക്ക് എത്രയാണ്?

ഉത്തരം

(എ) വായ്പ വാങ്ങിയിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ഇൻവെസ്റ്റേഴ്സ് കാർഡ്

133. [3237] ശ്രീ. പി. റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് സ്കീമിൽ ആളെ ചേർക്കുന്നതിനാവശ്യമായ ഇൻവെസ്റ്റേഴ്സ് കാർഡ് മതിയായ തോതിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻവെസ്റ്റേഴ്സ് കാർഡ് ഇന്ത്യാ ഗവൺമെൻറിന്റെ ദേശീയ സമ്പാദ്യപദ്ധതി റീജിയണൽ ഡയറക്ടറാണ് ചെയ്യേണ്ടത്. ഈ കാർഡ് ആവശ്യമായ തോതിൽ പ്രിൻറ് ചെയ്ത് വിതരണം ചെയ്യാൻ റീജിയണൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മററു സംസ്ഥാനങ്ങളിൽനിന്നും കാർഡ് അയച്ചുകിട്ടാൻ നാഷണൽ സേവിംഗ്സ് കമ്മീഷണർക്കും എഴുതിയിട്ടുണ്ട്.

സ്റ്റോഴ്സ് പർച്ചേസ്

134. [3238] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരമേററശേഷം കഴിഞ്ഞ ഡിസംബർ 31 വരെ സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ടുമെൻറ് മുഖാന്തിരം എന്തു തുകയുടെ സാധനങ്ങൾ ആണ് വാങ്ങിയത്;

(ബി) ഇവയിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ എന്തു തുകയ്ക്ക് വാങ്ങി;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടാത്ത ഏതെല്ലാം സാധനങ്ങളാണ് മററു സ്റ്റേററുകളിൽനിന്ന് വാങ്ങിയതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സ്റ്റോഴ്സ് പർച്ചേസ് വകുപ്പു മുഖാന്തിരം സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാറില്ല. അതാതു വകുപ്പിന് ആവശ്യമുള്ള സാധനങ്ങൾ സർക്കാർ നിബന്ധനകൾക്കും സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾക്കും വിധേയമായി, അതതുവകുപ്പിൽ പർച്ചേസിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരാണ് വാങ്ങുന്നത്; അതുകൊണ്ട് എന്തു തുകയ്ക്കുള്ള പർച്ചേഴ്സ് നടത്തിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) സംസ്ഥാനത്തു ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങുവാൻ പ്രത്യേക പരിഗണന നൽകുന്നതിന് സ്റ്റോഴ്സ് പർച്ചേഴ്സ് നിയമങ്ങളിൽ വ്യവസ്ഥയുണ്ട്; സ്റ്റോർസ് പർച്ചേസ് വകുപ്പ് പർച്ചേസ് ഒന്നും നടത്താത്തതുകൊണ്ട് ഈ വിവരവും ഈ വകുപ്പിൽ ഇപ്പോൾ ലഭ്യമല്ല.

## തിരുവനന്തപുരത്തെ സ്റ്റോക്ക് എക്സ്ചേഞ്ച്

135. [3239] ശ്രീ. പി. എം. അബൂബക്കർ :
,, എം. കെ. മുനീർ :
,, എം. ജെ. സക്കറിയ :
,, കല്ലടി മുഹമ്മദ് :
,, കെ. കെ. അബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് സ്റ്റോക്ക് എക്സ്ചേഞ്ച് തുടങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാൻ കഴിയുമോ ?

### ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

## സംസ്ഥാന ജീവനക്കാരുടെ ക്ഷാമബത്ത

136. [3240] ശ്രീ. കെ. പി. നൂറുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക അടിസ്ഥാന ശമ്പളത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

1. 3500 രൂപ വരെ അടിസ്ഥാനശമ്പളമുള്ളവർക്ക്, 1-1-1992 മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 11% (ശതമാനവും) 1-7-1992 മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 12 ശതമാനവും വീതം.

2. 3500 രൂപയ്ക്കുമേൽ 6000 രൂപ വരെ അടിസ്ഥാന ശമ്പളമുള്ളവർക്ക് 1-7-1991 മുതൽ അർഹതപ്പെട്ടത് 7 ശതമാനവും 1-1-1992 മുതൽ അർഹതപ്പെട്ടത് 8 ശതമാനവും 1-7-1992 മുതൽ അർഹതപ്പെട്ടത് 9 ശതമാനവും വീതം.

3. 6000 രൂപയ്ക്കുമേൽ അടിസ്ഥാന ശമ്പളമുള്ളവർക്ക് 1-7-1991 മുതൽ 6 ശതമാനവും 1-1-1992 മുതൽ 7 ശതമാനവും 1-7-1992 മുതൽ 8 ശതമാനവും വീതം.

LIBRARY ARCHIVES Kerala Legislative Assembly